

FRIDAY 19/12/2025 വെള്ളിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development and Farmer’s Welfare Department**

GOVERNMENT OF KERALA

**Chief Editor:** SINDHU. KS **Editor:** Dr. G.Pramodkumar

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

ff


GOVERNMENT OF KERALA

AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003

**Website:** fibkerala.gov.in

**E-mail:**piofibtvm@gmail.com

**Telephone:** 0471 – 2318186, 2317314


## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 19/12/2025

1. കേരള കാർഷിക സർവ്വകലാശാലയും കാർഷിക വികസന കർഷക ക്ഷേമ വകുപ്പും ചേർന്നൊരുക്കുന്ന പൂപ്പൊലി-2026, അന്താരാഷ്ട്ര പുഷ്പമേള 2026 ജനുവരി 1 മുതൽ 15 വരെ വയനാട് അമ്പലവയൽ പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ നടത്തുന്നു. പൂപ്പൊലിയുടെ 10-ാം പതിപ്പിൽ വർണ്ണ പുഷ്പങ്ങളുടെയും അലങ്കാര സസ്യങ്ങളുടെയും വൈവിധ്യമാർന്ന ഉദ്യാനമാണ് മേളയുടെ സവിശേഷത. പെറ്റൂണിയ, ഡാലിയ, ആസ്റ്റർ, ഡയാന്തസ്, മാരിഗോൾഡ്, സൺഫ്ലവർ, സീനിയ, കോസ്മോസ്, ഫ്ലോക്സ്, ലിലിയം, പാൻസി, സാൽവിയ, വെർബിന, ഗോംഫ്രിന, സ്റ്റോക്ക്, കലൻഡുല, പൈറോസ്റ്റീജിയ തുടങ്ങിയ പുഷ്പങ്ങളും ഡ്രസീന, കാലിഷ്യ, സെബ്രീന, റിയോ, സെഡം തുടങ്ങിയ അലങ്കാര ചെടികളും പ്രധാന ആകർഷണങ്ങളാണ്. കൂടാതെ വിവിധ പുഷ്പാലങ്കാര മാതൃകകൾ, ഫ്ലോറൽ ക്ലോക്ക്, ഭക്ഷ്യയോഗ്യമായ സസ്യങ്ങളുടെ അലങ്കാരോദ്യാനം, ടോപ്പിയറികൾ, ഫ്ലോട്ടിങ് ഗാർഡൻ, മെലസ്റ്റോമ ഗാർഡൻ, റോസ് ഗാർഡൻ, കുട്ടികൾക്കായുള്ള പാർക്ക്, പലതരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

റൈഡുകൾ എന്നിവയും പ്രദർശനത്തിന്റെ മാറ്റ് കൂട്ടുന്നു. മലയോര മേഖലയിലെ കാർഷിക പ്രശ്നങ്ങളും ആനുകാലിക പ്രസക്തിയുള്ള വിഷയങ്ങളും ഉൾപ്പെടുത്തി വിദഗ്ധർ കൈകാര്യം ചെയ്യുന്ന കാർഷിക ശില്പശാലകളും സെമിനാറുകളും കാർഷിക ക്ലിനിക്കുകളും മേളയുടെ ഭാഗമായി സംഘടിപ്പിക്കുന്നുണ്ട്. കൂടാതെ നൂതന സാങ്കേതിക വിദ്യകളുടെയും മികച്ചയിനം നടീൽ വസ്തുക്കളുടെയും കാർഷിക ഉൽപന്നങ്ങളുടെയും പ്രദർശന, വിപണന മേളയും ഉണ്ടായിരിക്കുന്നതാണ്. സർക്കാർ അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, കർഷക കൂട്ടായ്മകൾ, പ്രമുഖ കർഷകർ എന്നിവരുടെ സ്റ്റാളുകളും സന്ദർശകർക്കായി സജ്ജീകരിച്ചിട്ടുണ്ട്. പൂപ്പൊലിയുടെ ഭാഗമായി സായാഹ്നങ്ങളിൽ ദീപാലങ്കാരങ്ങളും കലാപരിപാടികളും ഒരുക്കിയിട്ടുണ്ട്.

2. ദേശീയ ജന്തുരോഗ നിയന്ത്രണ പദ്ധതിയുടെ ഭാഗമായി കുളമ്പുരോഗ പ്രതിരോധ കുത്തിവയ്പ്പ് ഏഴാം ഘട്ടത്തിനും ചർമ രോഗപ്രതിരോധ കുത്തിവയ്പ്പ് മൂന്നാം ഘട്ടത്തിനും സംസ്ഥാനത്ത് തുടക്കമായി. 2026 ജനുവരി 23 വരെ, 30 പ്രവൃത്തി ദിവസം കൊണ്ട് ഈ

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

യജ്ഞം പൂർത്തീകരിയ്ക്കാനാണ് വകുപ്പ് ലക്ഷ്യമിടുന്നത്. 4 മാസത്തിനു മുകളിൽ പ്രായമുള്ള പശു, എരുമ വർഗ്ഗത്തിൽപ്പെട്ട മുഴുവൻ ഉരുക്കളെയും കുളമ്പുരോഗ കുത്തിവയ്പ്പിന് വിധേയമാക്കും. ചർമ്മ മുഴരോഗ പ്രതിരോധ കുത്തിവെയ്പ്പ് 4 മാസത്തിനു മുകളിൽ പ്രായമുള്ള പശു വർഗ്ഗത്തിൽപ്പെട്ട ഉരുക്കൾക്കു മാത്രമാണ് നൽകുന്നത്. മൃഗസംരക്ഷണ വകുപ്പിൽ നിന്നും നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥരുടെ ടീമുകൾ കർഷകരുടെ വീട്ടുപടിക്കൽ എത്തി തികച്ചും സൗജന്യമായാണ് ഉരുക്കൾക്കു പ്രതിരോധ കുത്തിവെപ്പുകൾ നൽകുന്നത്. ഇതിനായി സംസ്ഥാനമൊട്ടാകെ 1916 സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ട്. കന്നുകാലികളുടെ ആരോഗ്യത്തെയും, ഉൽപ്പാദനക്ഷമതയെയും സാരമായി ബാധിക്കുന്ന സാംക്രമിക വൈറൽ രോഗങ്ങളാണ് കുളമ്പുരോഗവും (FMD) ചർമ്മമുഴരോഗവും (LSD). ശാസ്ത്രീയ നിയന്ത്രണ മാർഗങ്ങൾ പാലിച്ചുകൊണ്ട് സമയബന്ധിതമായ പ്രതിരോധ കുത്തിവെയ്പ്പുകളിലൂടെ മാത്രമേ ഈ രോഗങ്ങൾ തടയുവാൻ കഴിയുകയുള്ളൂ

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

3. കൃഷി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന കഴക്കൂട്ടത്തെ ബയോടെക്നോളജി ആൻഡ് മോഡൽ ഫ്ളോറികൾച്ചർ സെന്ററിൽ ഗുണമേന്മയുള്ള ടിഷ്യുകൾച്ചർ കപ്പ വാഴത്തൈ 20 രൂപ നിരക്കിൽ വില്പനയ്ക്ക് ലഭ്യമാണ്. താല്പര്യമുള്ളവർ നേരിട്ടോ സെന്ററുമായോ 6238312430 എന്ന ബന്ധപ്പെടുക.

## പരിശീലന പരിപാടി

4. കേരള ഖാദിഗ്രാമ വ്യവസായ ബോർഡ് നടത്തുന്ന 6 മാസം ദൈർഘ്യമുള്ള ബീ-കീപ്പിംഗ് ട്രെയിനിംഗ് കോഴ്സിലേക്ക് ഡിസംബർ 20 വരെ അപേക്ഷിക്കാം. എസ്.എസ്.എൽ.സി / തത്തുല്യ അടിസ്ഥാന വിദ്യാഭ്യാസ യോഗ്യതയുള്ള 18 നും 30 നും ഇടയിൽ പ്രായമുള്ളവർക്ക് (20/11/2025 പ്രകാരം) ഓൺലൈനായി അപേക്ഷ സമർപ്പിക്കാം. ഫീസ് 30,000 രൂപ. ഇതിനു പുറമേ ഫീൽഡ് ട്രെയിനിംഗിനു ചെലവാകുന്ന അധിക തുക അപേക്ഷകർ വഹിക്കണം. അപേക്ഷാ ഫീസായി 50 രൂപ ഓൺലൈനായി അടയ്ക്കണം. കൂടുതൽ വിവരങ്ങൾക്ക്: 9747321760, khadi.kerala.gov.in.

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

5. മണ്ണുത്തിയിലെ ഗോട്ട് & ഷീപ്പ് ഫാമിൽ വെച്ച് **ആടുവളർത്തൽ** ശാസ്ത്രീയമായും നൂതനസാങ്കേതിക സംവിധാനങ്ങളുടെ സഹായത്തോടെയും എങ്ങനെ ലാഭകരമായി ചെയ്യാം എന്ന വിഷയത്തിൽ ഏകദിന പരിശീലനം ഡിസംബർ 20 ന് സംഘടിപ്പിച്ചിരിക്കുന്നു. രജിസ്റ്റർ ചെയ്യുന്നതിനായി 9447796219, 0487 2961100 എന്നീ ഫോൺ നമ്പറുകളിൽ വിളിക്കേണ്ടതാണ്.

6. **കാർഷിക നിർദേശം**

പച്ചക്കറി വിളകളിൽ മീലിമൂട്ടകൾ, ശൽക്കകീടങ്ങൾ എന്നിവയെ നിയന്ത്രിക്കാനുള്ള വെർട്ടിസീലിയം, ഇലതീനി പുഴുക്കൾക്കെതിരെയുള്ള ബ്യൂവേറിയ ബാസിയാന, ചിതൽ, വേരുതീനി പുഴുക്കൾ എന്നിവയ്ക്കെതിരെയുള്ള മെറ്റാറൈസിയം എന്നിവ ലഭ്യമാണ്. വെള്ളാനിക്കര ഹോർട്ടിക്കൾച്ചർ കോളേജിലെ ജൈവകീടരോഗ നിയന്ത്രണ വിഭാഗത്തിലും മണ്ണുത്തിയിലെ യൂണിവേഴ്സിറ്റി വില്പന കേന്ദ്രത്തിലും (0487–2370540) കണ്ണാറവാഴ ഗവേഷണ കേന്ദ്രത്തിലും (0487–2699087) ഇവ ലഭ്യമാണ്. 20 ഗ്രാം വരെ ഒരു ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ച് കലക്കി ചെടികളിൽ തളിച്ചു കൊടുക്കണം.